## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46

07.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ.കെ. കെ. നാരായണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്ന നയം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ തുടക്കമായിട്ടാണോ കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. ആയതിനാൽ തന്നെ അത്തരം ഒരു നയത്തിന്റെ ഭാഗമായിട്ടല്ല കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) ഏതെല്ലാം സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് ഇതിനകം നടപടികൾ ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം മേഖലയിലെ ഏതെല്ലാം നിലവാരത്തിലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേക മാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) മറ്റ് സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ല. |
| (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്നതും പ്രസ്തുത നയത്തിന്റെ ഭാഗമായിട്ടാണോ എന്നറിയിക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ